(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ശേഷം അംഗീകരിക്കുന്ന അലൈൻമെൻറ് അനുസരിച്ചുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചശേഷം പണലഭ്യതകണക്കിലെടുത്തു മാത്രമേ പണി ആരംഭിക്കുവാൻ നിർവാഹമുള്ളൂ.

കുളങ്ങരത്തു-നമ്പിത്താൻ-കുണ്ടുവാളൂർ റോഡ്

1187 [1899] ശ്രീ. എൻ.പി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) വടകര താലൂക്കിലെ കുന്നുമ്മൽ ബ്ലോക്കിൽ കുളങ്ങരത്ത് നമ്പിത്താൻ കുണ്ടുവാളൂർ റോഡിൻെറ പ്രവർത്തനം തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം സർക്കാർ എന്തുനടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?

ഉത്തരം

(എ) ഈ അടുത്തകാലത്തു കിട്ടിയതായി കാണുന്നില്ല. എന്നാൽ ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി ഈ റോഡ് മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) (എ)-വിഭാഗത്തിൻെറ ഉത്തരം കാണുക.

പി. ഡബ്ല്യൂ. ഡി. പുറംപോക്കു ഭൂമി

1188 [1900] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാർ-ബീച്ചുറോഡ് ജംഗ്ഷനിൽനിന്നും ഇപ്പോഴത്തെ പോലീസ് സ്റ്റേഷൻവരെയുള്ള പി.ഡബ്ല്യൂ.ഡി. പുറംപോക്കു ഭൂമി എത്രയാണ്.

(ബി) ഇത്രയും പുറംപോക്കു ഭൂമി കൈവശംവെച്ചിട്ടുള്ള ഭൂഉടമകളുടെ ആരൊക്കെയാണ്;

(സി) ഓരോരുത്തരും കൈവശപ്പെടുത്തിയിട്ടുള്ള പുറംപോക്കു ഭൂമിയുടെ അളവെത്ര;

(ഡി) പൂവാർ-ബീച്ച് ജംഗ്ഷനിൽനിന്നും വിഴിഞ്ഞത്തേക്കുള്ള റോഡ് വീതികൂട്ടിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പി.ഡബ്ല്യൂ.ഡി. പുറംപോക്കുഭൂമി തൊട്ടടുത്തുള്ള ഭൂ ഉടമകൾക്ക് ഭാഗികമായി കയ്യേറുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സഹായിക്കുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു;

(എഫ്) പ്രസ്തുത റോഡ് വീതികൂട്ടാനായി റോഡിൻെറ റീട്ടെയിനിംഗ് വാൾ പൊളിച്ചുകെട്ടുമ്പോൾ പി. ഡബ്ല്യൂ.ഡി. പുറംപോക്കു ഭൂമി മുഴുവൻ ഉൾപ്പെടുത്തി റോഡിന് ആവുന്നത്ര വീതികൂട്ടാൻ വേണ്ട നടപടി ക്രമം കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാർ-ബീച്ച് റോഡിൽ (വിഴിഞ്ഞം-പൂവാർ റോഡ്) പൂവാർ ജംഗഷനിൽനിന്നും ഇപ്പോഴത്തെ പോലീസ് സ്റ്റേഷൻവരെ പഴയ പി. ഡബ്ല്യു. ഡി. റോഡ് കഴിച്ച് ഉദ്ദേശം 30 സെൻറ് പുറംപോക്കു ഭൂമിയുണ്ട്.

(ബി) ഭൂമി മുഴുവൻ സർക്കാരിൻറെ അധീനതയിലാണ്.

(സി) ബി വിഭാഗത്തിൻറെ ഉത്തരം കാണുക.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) മുഴുവൻ പുറംപോക്കു ഭൂമിയും ഉൾപ്പെടുത്തിയാണ് റീസെറ്റിൽമെൻറ് വാഹനം കെട്ടിയിട്ടുള്ളത്.

വച്ചാക്കാവ്-തഴവാ റോഡ്

1189 [1901] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി ബി ആൻറ് ആർ. സബ് ഡിവിഷനിൽപ്പെട്ട വച്ചാക്കാവ്-തഴവാ റോഡ് പി. ഡബ്ല്യു. ഡി. ഏറെടുത്തതെന്നാണ്;

(ബി) അത് ടെൻഡർ ചെയ്തതെന്നാണ്;

(സി) വർഷങ്ങൾ പലതുകഴിഞ്ഞിട്ടും അതിൻറെ പണി ഇന്നുവരെ തുടങ്ങിയിട്ടില്ലെന്നും പ്രസ്തുത റോഡ് സഞ്ചാരയോഗ്യമല്ലെന്നുമുള്ള വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡിൻറെ പണി എത്രയും വേഗം തുടങ്ങുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 11-12-1975-ൽ ടെൻഡർ ചെയ്തു.

(സി) കരാറുകാരൻ പണി താമസിപ്പിക്കുകയും പൂർത്തിയാക്കാതിരിക്കുകയുമാണുണ്ടായത്.

(ഡി) പണി വേഗം തീർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരനു അവസാനനോട്ടീസ് അയച്ചുകഴിഞ്ഞു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുളക്കുളം-പാലച്ചുവടി റോഡ്

1190 [1902] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യത്തിനു മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

പിറവം പഞ്ചായത്തിൽപ്പെട്ട മുളക്കുളം-പാലച്ചുവടി റോഡ് പി. ഡബ്ല്യു. ഡി. ഏറെടുത്തിട്ട് അതിൻറെ പണികൾ ആരംഭിക്കാത്തതിൻറെ കാരണം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly